# "ഭരണഭാഷ മാതൃഭാഷ"

G2/5187/2019/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 27.03.2019

<u>പരിപത്രം</u>

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - കോളേജ് ഹോസ്റ്റൽ - പ്രവർത്തന സമയ ക്രമത്തിലും മറ്റ് നടപടി ക്രമങ്ങളിലും വരുത്തുന്ന മാറ്റം സംബന്ധിച്ച് .

സൂചന :- 1 . തിരുവനന്തപുരം, എറണാകുളം ഗവ.ലാ കോളേജ് വിദ്യാർത്ഥികളുടെ അപേക്ഷ.
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം.
3. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ഹാൻഡ് ബുക്കിലെ നിർദ്ദേശങ്ങൾ .

*********

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രർത്തിക്കുന്ന എല്ലാ കോളേജ് ഹോസ്റ്റലുകളുടെയും പ്രവർത്തന സമയക്രമത്തിലും മറ്റ് നടപടിക്രമങ്ങളിലും താഴെപ്പറയുന്ന പ്രകാരം ക്രമീകരണങ്ങൾ വരുത്തുന്നു.

1. ഹോസ്റ്റലുകളിൽ അതിഥി സന്ദർശന സമയം വൈകുന്നേരം 4 മണിമുതൽ 6 മണിവരെ ആയിരിക്കുന്നതാണ്.

2 .ഹോസ്റ്റൽ വിട്ട് പുറത്ത് പോകുന്ന വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡ് കൈവശം സൂക്ഷിക്കേണ്ടതാണ്.

3.വിദ്യാർത്ഥികൾക്ക് വൈകുന്നേരം 4 മണിമുതൽ 9 മണിവരെ പുറത്ത് പോയി തിരിച്ച് വരുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കുന്നതാണ്.വാർഡൻ ഇതുമായി ബന്ധപ്പെട്ട ഒരു മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വിദ്യാർത്ഥികളുടെ ലോഗിൻ/ ലോഗ് ഔട്ട് വിവരങ്ങൾ യഥാവിധി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

4 . ഹോസ്റ്റൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഹാൻഡ് ബുക്കിലെ മറ്റ് നിയമങ്ങൾക്ക് നിലവിൽ മാറ്റമുണ്ടായിരിക്കുന്നതല്ല

ഒപ്പ് /-
**ഹരിത വി കുമാർ ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1.എല്ലാ കോളേജ് പ്രിൻസിപ്പൽ/ഹോസ്റ്റൽ വാർഡൻ മാർക്കും .( കുട്ടികളുടെ അറിവിലേക്കായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.
2.ഓഡിറ്റ് സ്കഷനിലേക്ക്
3. സിസ്റ്റം മാനേജർക്ക് ( സൈറ്റിൽ പ്രദർശിപ്പിക്കുന്നതിനായി)

# Approval Valid

Digitally Approved By
ഹരിത വി കുമാർ ഐ.എ.എസ്സ്
Date: 27.03.2019
Reason: Approved